പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1453** **16-10-2026-ൽ മറുപടിയ്ക്ക്**

**കൃഷിയിടങ്ങൾക്കും വിളകൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) കാലാവസ്ഥ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ, വന്യമൃഗ ശല്യം എന്നിവ മൂലം കൃഷിയിടങ്ങൾക്കും വിളകൾക്കും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ;

**മറുപടി: കാലാവസ്ഥ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ, വന്യമൃഗ ശല്യം എന്നിവ മൂലം കൃഷിയിടങ്ങൾക്കും വിളകൾക്കും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ എയിംസ് പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.**

**2021-22 മുതൽ 2025-2026 വരെ പ്രകൃതിക്ഷോഭം മൂലം ആകെ 170,38,33,985/- രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ട്.**

കാലാവസ്ഥ വ്യതിയാനം, വന്യമൃഗ ശല്യം, പ്രകൃതിദുരന്തങ്ങൾ മൂലം കൃഷിനാശം നേരിട്ട കർഷകർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നുണ്ട്. വന്യമൃഗ ശല്യം മൂലം കൃഷിനാശവുമായി ബന്ധപ്പെട്ട അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലെ ചട്ടങ്ങൾക്കും മാനദണ്ഡങ്ങൾക്കുമനുസരിച്ചാണ് നഷ്ടം കണക്കാക്കി നഷ്ടപരിഹാരം നൽകാറുള്ളത്. 2023-24 സാമ്പത്തിക വർഷത്തിൽ 8141 അപേക്ഷകളിന്മേൽ 637.02 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ 6295 അപേക്ഷകളിന്മേൽ 538.55 ലക്ഷം രൂപയും 2025-26 സാമ്പത്തിക വർഷത്തിൽ 3434 അപേക്ഷകളിന്മേൽ 572.44 ലക്ഷം രൂപയും വന്യമൃഗ ശല്യം മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പദ്ധതി പ്രകാരം (Contingency Programme to Meet Natural Calamities and Pest & Disease Endemic) ബജറ്റ് വിഹിതത്തിനനുസരിച്ചും സർക്കാർ ലഭ്യമാക്കിയ ഫണ്ടിന്റെ അടിസ്ഥാനത്തിലും 21/10/2021 വരെയുള്ള അപേക്ഷകൾക്കുള്ള നഷ്ടപരിഹാരം കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. അതുപോലെ, സ്റ്റേറ്റ് ക്രോപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള (State Crop Insurance Scheme) നഷ്ടപരിഹാരം 04/05/2025 വരെയുള്ള കണക്കുകൾ പ്രകാരം കർഷകർക്ക് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പിന്റെ കീഴിലുള്ള അഗ്രികൾച്ചർ പ്രൊമോഷൻ ഫണ്ടിൽ നിന്നും (Agri Promotion Funds) കൃഷി വകുപ്പിലേക്ക് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ലഭ്യമായ ഈ ഫണ്ട് ഉപയോഗിച്ച് കണ്ടിൻജൻസി പ്രോഗ്രാമിന്റെ കീഴിൽ 2025 ജൂൺ വരെയുള്ള കുടിശ്ശികകളും, വിള ഇൻഷുറൻസ് ആനുകൂല്യങ്ങളുടെ കുടിശ്ശികകളും പൂർണ്ണമായി നൽകി തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(ബി)** അത്തരത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ നഷ്ടപരിഹാരം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ലഭ്യമാക്കിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.

**(സി)** പ്രസ്തുത നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ടെങ്കിൽ അത് എന്ന് മുതലുള്ളതാണെന്നും എന്നത്തേക്ക് നൽകി തീർക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**മറുപടി:** മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**